**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭിച്ചിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കിയതും സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കുടിശിക പിരിച്ചെടുക്കാൻ പരാജയപ്പെട്ടതും കെ.എസ്.ഇ.ബി.യെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള ദീർഘകാല വൈദ്യുത് കരാറുകൾ നിർത്തലാക്കുകയോ വീണ്ടു കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പ്ുവച്ച ദീർഘകാല കരാറുകൾക്ക അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലു കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാര കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട നിർദ്ദേശി ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന കെ.എസ്.ഇ.ബി ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടു ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ |

| | | | |
|---|---|---|---|
| | | | തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാ നത്തിൽ കമ്മീഷന്റെ 29.12.2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതു പോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>കരാർ നിരക്കിൽ തന്നെ വൈദ്യുതി നൽകുവാൻ ഉത്പാദകർ തയ്യാറാകാ ത്തതിനാൽ കൂടിയ വിലക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനു ജൂൺ 2023 മുതൽ 8.2.24 വരെ ഏകദേശം 269 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം കേരള വാട്ടർ അതോറിറ്റിയും വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും വൈദ്യുതി കുടിശ്ശിക വരുത്തുന്നത് കാരണവും കെ.എസ്.ഇ. ബി.എൽ സാമ്പത്തിക പ്രയാസം നേരിടുന്നുണ്ട്. 31.12.2023 വരെ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക പലിശയുൾപ്പെടെ 3347.43 കോടി രൂപയാണ്. |
| (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം കെ.എസ്.ഇ.ബിയുടെ പുതിയ പ്രവൃത്തികൾ എല്ലാംതന്നെ നിർത്തിവയ്ക്കാനും നിലവിലെ പദ്ധതികൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ